ടൂറിസം വികസിപ്പിക്കാൻ നടപടി

41 [5417] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിനായി എന്തെല്ലാം ലഘുലേഖകൾ, പുസ്തകങ്ങൾ, സി.ഡി.-കൾ എന്നിവ വകുപ്പ് പൊതുജനങ്ങൾക്കും ടൂറിസ്റ്റുകൾക്കുമായി വിതരണം ചെയ്തിട്ടുണ്ട്; ഇതിന്റെ ഓരോ പ്രതികൾ ലഭ്യമാക്കാമോ;

(ബി) ഇവ ഓരോന്നും എത്ര വീതം ഓർഡർ ചെയ്തിട്ടുണ്ട്; എത്ര വിതരണം ചെയ്തിട്ടുണ്ട്;

(സി) പുസ്തകങ്ങൾ, സി.ഡി.-കൾ, പരസ്യങ്ങൾ, ലഘുലേഖകൾ, മറ്റ് എല്ലാവിധ പരസ്യങ്ങൾ എന്നിവ ഇനം തിരിച്ച് ഓരോന്നിനും സർക്കാർ ഖജനാവിൽനിന്നും എത്ര രൂപ വീതം 2001-02, 2002-03 വർഷങ്ങളിൽ നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ടൂറിസത്തിന്റെ ഭാഗമായി മസാജ് പാർലറുകളുടെ മറവിൽ സെക്സ് ടൂറിസം വ്യാപിക്കുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) മസാജ് പാർലറുകളുടെ നിലവാരം ഉറപ്പു വരുത്തുന്നതിനും ആയുർവേദത്തെ നശിപ്പിക്കുന്ന ഇത്തരം വ്യാജ മസാജ് പാർലറുകളെ നിയന്ത്രിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(എഫ്) സംസ്ഥാനത്ത് ഇപ്പോൾ എത്ര മസാജ് പാർലറുകൾ ടൂറിസം മേഖലയിലുണ്ട്; ഇവയ്ക്ക് സർക്കാർ രജിസ്ട്രേഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ എന്തു വ്യവസ്ഥകൾ പ്രകാരം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടൂറിസം വകുപ്പ് വിതരണം ചെയ്തിട്ടുള്ള ലഘുലേഖകൾ, പുസ്തകങ്ങൾ, സി.ഡി.-കൾ എന്നിവയുടെ ഓരോ പ്രതി ഉള്ളടക്കം ചെയ്തിട്ടുണ്ട്.

(ബി, സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം പ്രസക്തമല്ല.

(എഫ്) സംസ്ഥാനത്ത് ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിൽ മസാജ് പാർലറുകൾ ഒന്നും പ്രവർത്തിക്കുന്നില്ല.

വിനോദസഞ്ചാര വികസന രംഗത്തെ വളർച്ചാ നിരക്ക്

42 [5418] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദ സഞ്ചാര വികസന രംഗത്തുള്ള വളർച്ചാ നിരക്ക് എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(ബി) മുൻവർഷത്തെ വളർച്ചാനിരക്ക് എത്ര ശതമാനമായിരുന്നു;

(സി) ഇത് ലക്ഷ്യമിട്ടിരുന്നതിനേക്കാൾ കൂടുതലാണോ; കുറവായിരുന്നുവോ എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കഴിഞ്ഞ 10 വർഷത്തിനകം കേരളത്തിൽ എത്ര വിദേശ വിനോദ സഞ്ചാരികളും എത്ര ആഭ്യന്തര ടൂറിസ്റ്റുകളും സന്ദർശനം നടത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഓരോ വർഷത്തെയും കണക്കും ഏതെല്ലാം പ്രധാനപ്പെട്ട രാജ്യങ്ങളിൽ നിന്നുമാണെന്നും വെളിപ്പെടുത്തുമോ;

(എഫ്) കേരളത്തിലെത്തുന്ന വിനോദസഞ്ചാരികളെ സഹായിക്കുന്നതിനും അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ജി) നമ്മുടെ പാരമ്പര്യവും സാംസ്ക്കാരിക തനിമയും നിലനിർത്തിക്കൊണ്ട് ടൂറിസം വികസനം സാദ്ധ്യമാക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിദേശ വിനോദസഞ്ചാര വികസന രംഗത്തുള്ള വളർച്ചാ നിരക്ക് 2002-ൽ 11.4 ശതമാനവും തദ്ദേശ വിനോദസഞ്ചാര വികസന രംഗത്തുള്ള വളർച്ചാ നിരക്ക് 6.3 ശതമാനവും ആണ്.

(ബി) 2001-ൽ പ്രസ്തുത കണക്കുകൾ യഥാക്രമം —0.53 ശതമാനവും 4.52 ശതമാനവുമായിരുന്നു.

(സി) വർഷംതോറും കേരളത്തിലെത്തുന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 7 ശതമാനവും ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 9 ശതമാനവും വർദ്ധനവ് ലക്ഷ്യമിട്ടിരുന്നു. 2002-ൽ വിദേശ വിനോദസഞ്ചാരികളുടെ വരവ് ലക്ഷ്യമിട്ടിരുന്നതിനേക്കാൾ 4.4 ശതമാനം കൂടുതലായിരുന്നു. ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ലക്ഷ്യമിട്ടിരുന്നതിനേക്കാൾ 2.7 ശതമാനം കുറവ് അനുഭവപ്പെട്ടു.

(ഡി) കഴിഞ്ഞ പത്തു വർഷങ്ങളിൽ കേരളത്തിലെത്തിയ വിനോദസഞ്ചാരികളുടെ എണ്ണം താഴെ പറയുന്നു:

വർഷം	വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം	തദ്ദേശ വിനോദ സഞ്ചാരികളുടെ എണ്ണം
1993	95,209	10,27,236
1994	1,04,568	12,26,722
1995	1,42,972	39,15,656
1996	1,76,855	44,03,002
1997	1,82,427	49,53,401
1998	1,89,941	44,81,714
1999	2,02,173	48,88,287
2000	2,09,933	50,13,221
2001	2,08,830	52,39,692
2002	2,32,564	55,68,256

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഓരോ വർഷത്തെയും ടൂറിസ്റ്റുകളുടെ സന്ദർശനത്തിലെ കണക്കുകൾ മുകളിൽ കൊടുത്തിരിക്കുന്നു. യു. കെ., ഫ്രാൻസ്, അമേരിക്ക, മാലിദ്വീപ്, ജർമ്മനി എന്നിവിടങ്ങളിൽ നിന്നാണ് ടൂറിസ്റ്റുകൾ കൂടുതലായി വരുന്നത്.

(എഫ്) കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്ക് ടൂറിസം വകുപ്പിന്റെ കീഴിലുള്ള ടൂറിസ്റ്റ് ഇൻഫർമേഷൻവഴി ആവശ്യമായ വിവരങ്ങളും നിർദ്ദേശങ്ങളും വകുപ്പ് പ്രസിദ്ധീകരിക്കുന്ന ലഘുലേഖകളും, പ്രസിദ്ധീകരണങ്ങളും നൽകിവരുന്നുണ്ട്. കൂടാതെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസം പോലീസിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.

(ജി) കേരളത്തിലെ സാംസ്ക്കാരിക തനിമയും, പാരമ്പര്യവും നിലനിറുത്തിക്കൊണ്ട് പല പരിപാടികൾ സംഘടിപ്പിച്ചും, പരമ്പരാഗതമായ ഉത്സവങ്ങൾ കാണുന്നതിനും, ഗൃഹസ്ഥലി, ഹോംസ്റ്റേ എന്നീ പദ്ധതികളും വിനോദസഞ്ചാരികൾക്കായി ഒരുക്കിയിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിൽ ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി

43 [5419] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനായി ടൂറിസം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(ബി) റോഡുകളുടെ വികസനം ഈ പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യങ്ങളിലൊന്നാണോ;

(സി) ജില്ലയിലെ വിവിധ മണ്ഡലങ്ങളിലെ പ്രധാന പദ്ധതികൾ എന്തൊക്കെയാണ് ഈ പ്രോജക്ടിൽ ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ചേർപ്പ് നിയോജകമണ്ഡലത്തിൽനിന്ന് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വർക്കുകൾ ഏതൊക്കെയാണ്;

(ഇ) ഈ പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുള്ള കൺസൾട്ടൻസി ഏതാണ്;

(എഫ്) ഈ പദ്ധതിയുടെ ഫീസ് എപ്രകാരമാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനായി ടൂറിസം വകുപ്പ് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി ഡൽഹിയിലുള്ള കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവ്വീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സ്ഥാപനം പഠനം നടത്തിവരികയാണ്.

(ബി) അതെ.

(സി, ഡി) മാസ്റ്റർ പ്ലാൻ തയ്യാറാക്കി ലഭിച്ചതിനുശേഷമേ പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താനാവുകയുള്ളൂ.

(ഇ) കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവ്വീസ്, ന്യൂഡൽഹി.

(എഫ്) ആകെ 10,29,000 രൂപ.

LIBRARY ARCHIVES Kerala Legislative Assembly